T E CONTRAR AN CONSU TANT

ടിനി ഫിലിപ്പ്

ആശുപത്രികൾ ലാഭകരമാക്കാം, ഉപഭോക്തൃ സംതൃപ്തിയും നേടാം

മെഡിക്കൽ ചെക്കപ്പ് സേവനങ്ങൾ പുനഃക്രമീകരിച്ച് ആശുപത്രികൾക്ക് ഉപഭോക്തൃ സംതൃപ്തിയും മികച്ച ലാഭവും നേടാനുള്ള വഴികൾ

സമൂഹത്തിലെ പ്രധാനപ്പെട്ട ഭാഗമാണ് ആശുപത്രികൾ. നല്ലൊരു ആശുപത്രി വീടിനടുത്ത് ഉണ്ടാവുകയെന്നത് നേട്ടം തന്നെയാണ്. ധാർമികതയ്ക്ക് നിരക്കുന്ന തരത്തിൽ പ്രവർത്തിക്കുകയും ചെലവ് കുറഞ്ഞ ചികിത്സ നടിക്കുകയും ചെയ്യുന്ന നിരവധി ആശുപത്രികൾ കൊണ്ട് അനുഗ്രഹീതമാണ് കേരളം.

കേരളത്തിലെ മിക്ക ആളുകളും ഒരാട്ടടുത്ത തിരക്കുള്ള ആശുപത്രിയിൽ ഓരോ വർഷവും പല തവണ പോകുകയും പേരുകേട്ട ഡോക്ടറെ കാണുകയും വിവിധ രോഗങ്ങൾക്കുള്ള മരുന്നുകൾ വാങ്ങുകയും ചെയ്യുന്നു.

ദൗർഭാഗ്യവശാൽ, പല കാരണങ്ങളാൽ ഭൂരിഭാഗം ആളുകളും തങ്ങളുടെ ഫോസ്പിറ്റലുകളിൽ സ്ഥിരമായ മെഡിക്കൽ ചെക്കപ്പിനായി പോകുന്നില്ല.

ഇതിന് ഒരു കാരണം, റെഗുലർ മെഡിക്കൽ ചെക്കപ്പിനെ കുറിച്ച് പല ആളുകളും ബോധവന്മാരല്ല എന്നതാണ്. രണ്ടാമത്തെ കാരണം, മെഡിക്കൽ ചെക്കപ്പുകൾക്ക് അന്യായമായ ഫീസ് ഈടാക്കുന്നുവെന്നും അനാവശ്യമായ കുറെ പരിശോധനകളും നടപടിക്രമങ്ങളും ഈ ഫോസ്പിറ്റലുകൾ ചെയ്യുന്നുവെന്നും ആളുകൾ കരുതുന്നതാണ്.

തിരക്കുള്ള ഫോസ്പിറ്റലുകളിലെ ചെക്കപ്പുകൾ പലർക്കും ഒട്ടേറെ അസൗകര്യങ്ങൾ ഉണ്ടാക്കുന്നുവെന്നതാണ് മൂന്നാമത്തെ കാരണം.

മിക്ക ആശുപത്രികളും ഞായറാഴ്ചകളിൽ മെഡിക്കൽ ചെക്കപ്പ് നടത്താറില്ല. അതുകൊണ്ട് മെഡിക്കൽ ചെക്കപ്പ് നടത്തുന്നതിന് ഓഫീസിൽ നിന്ന് അവധിയെടുക്കേണ്ടി വരുന്നുവെന്നതാണ് നാലാമത്തെ കാരണം.

മാതൃകകൾ സശ്രദ്ധം വീക്ഷിക്കൂ

യുഎസ്, ജപ്പാൻ പോലെയുള്ള വികസിത രാജ്യങ്ങളിലെ ജനങ്ങൾ, കാൻസർ, ഹൃദയ സംബന്ധമായ രോഗങ്ങൾ മുതലായവ നേരത്തെ തന്നെ കണ്ടെത്തി ചികിത്സ നടത്തുന്നതിനായി ഓരോ വർഷവും മെഡിക്കൽ ചെക്കപ്പ് നടത്തുന്നു. എന്തുകൊണ്ടാണ് കേരളത്തിലെ തിരക്കുള്ള ആശുപത്രികൾ മികച്ച മെഡിക്കൽ ചെക്കപ്പ് കൊടുക്കാൻ തയാറാവാത്തത്?

ഈ പ്രശ്നം വിശദമായി മനസിലാക്കുന്നതിനായി, കേരളത്തിലെ തിരക്കുള്ള ഒരു ആശുപത്രിയെ ഉദാഹരണമായി എടുക്കാം.

400 ബെഡ്ഡുകളുള്ള ഈ ഫോസ്പിറ്റലിന് കുറഞ്ഞ ചെലവ്, ഉയർന്ന നിലവാരത്തിലുള്ള ചികിത്സ, മികച്ച ഉപഭോക്തൃ സേവനം തുടങ്ങിയവ കൊണ്ട് ജനങ്ങൾക്കിടയിൽ നല്ല പേരുണ്ട്. ഈ ഫോസ്പിറ്റലിൽ ശരിയായി പ്രവർത്തിക്കുന്ന ഔട്ട് പേഷ്യന്റ് ബുക്കിംഗ് സിസ്റ്റം, സായാഹ്ന ഒപി, എസ്കലേറ്റഡ് ഡോക്ടർ ഓഫ് ഡിസ്ചാർജ് സമ്പ്രദായം എന്നിവയൊക്കെ വർഷങ്ങളായി നടപ്പിൽ വരുത്തിയിട്ടുണ്ട്.

ഇക്കാരണങ്ങൾ കൊണ്ടു തന്നെ ഔട്ട് പേഷ്യന്റുകളുടെ എണ്ണം 2009 ൽ ഉണ്ടായിരുന്ന പ്രതിദിനം 800 രോഗികൾ എന്നതിൽ നിന്നും 2015 ആയപ്പോഴേക്കും പ്രതിദിനം 1600 രോഗികൾ എന്ന നിലയിൽ എത്തി.

സമാനമായി ഇൻ പേഷ്യന്റിന്റെ എണ്ണം 2009 ലെ 1000 രോഗികൾ പ്രതിമാസം ഡിസ്ചാർജ്ജ് എന്നതിൽ നിന്നും 2015 ആയപ്പോഴേക്കും 2000 രോഗികളിലുമെത്തി.

ആശുപത്രിയുടെ ഒപി, ഐപി ശേഷി വർധിപ്പിക്കാതെ തന്നെയാണ് രോഗികളുടെ എണ്ണത്തിൽ വർധന നേടിയിരിക്കുന്നത്.



> **എന്തുകൊണ്ടാണ് കേരളത്തിലെ തിരക്കുള്ള ആശുപത്രികൾ മികച്ച മെഡിക്കൽ ചെക്കപ്പ് കൊടുക്കാൻ തയാറാവാത്തത്?**

എന്നാൽ 2015 മുതൽ ഒപി, ഐപി എണ്ണത്തിൽ കാര്യമായ വർധന ഉണ്ടായില്ല. ഈ പ്രശ്നം ചർച്ച ചെയ്യാനായി 2016 ന്റെ തുടക്കത്തിൽ പ്രധാനപ്പെട്ട ഡോക്ടർമാരുടെയും ജീവനക്കാരുടെയും ഒരു യോഗം മാനേജ്മെന്റ് വിളിച്ചു കൂട്ടി. ആ യോഗത്തിൽ താഴെ പറയുന്ന കാര്യങ്ങൾ വിശദമായി ചർച്ച ചെയ്തു.

1 ഉപയോഗിക്കാതെ കിടക്കുന്ന കുറേയേറെ ഇൻ പേഷ്യന്റ് ബെഡ്ഡുകൾ ആശുപത്രിയിലുണ്ട്. പ്രതിമാസം 2500 ലേറെ രോഗികളെ ഡിസ്ചാർജ് ചെയ്യാനുള്ള ശേഷി ഹോസ്പിറ്റലിനുണ്ട്. അവ ഉപയോഗപ്പെടുത്തുകയാണെങ്കിൽ വരുമാനവും ലാഭവും കാര്യമായി വർധിക്കും.

2 ആശുപത്രിയുടെ ധാർമിക മൂല്യങ്ങൾക്ക് എതിരാവുമെന്നതിനാൽ കൂടുതൽ രോഗികളെ അഡ്മിറ്റ് ചെയ്യണമെന്ന് ഡോക്ടർമാരിൽ മാനേജ്മെന്റ് സമ്മർദം ചെലുത്തുന്നില്ല.

3 ധാർമികത വിടാതെ പ്രവർത്തിക്കുകയാണെങ്കിൽ ഒപി എണ്ണത്തിൽ കാര്യമായ വർധന ഉണ്ടായാൽ മാത്രമേ ഐപി എണ്ണത്തിൽ കുറച്ചെങ്കിലും വർധന ഉണ്ടാകൂ. പ്രതിമാസം 48000 ഔട്ട് പേഷ്യന്റ്സ് ഉണ്ടാകുമ്പോൾ അതിൽ 2000 പേരെ മാത്രമേ അഡ്മിറ്റ് (ഐപി) ചെയ്യുന്നുള്ളൂ. ഒപിയിൽ നിന്ന് ഐപിയിലേക്കുള്ള കൺവെർഷൻ റേറ്റ് നാല് ശതമാനം മാത്രമാണ്. ധാർമികതയുടെ കണ്ണിൽ ഇത് നല്ലതാണ്. ഇതു പ്രകാരം പ്രതിമാസം 500 ഡിസ്ചാർജ്സ് കൂടുതൽ നേടണമെങ്കിൽ 12,500 ഒപി എങ്കിലും അധികമായി വേണ്ടി വരും.

4 ആഴ്ചയിൽ ആറു ദിവസവും രാവിലെ മുതൽ വൈകുന്നേരം വരെ ഒപി കൺസൾട്ടിംഗ് മുറികൾ പൂർണമായും ഉപയോഗിക്കുന്നതിനാൽ ഒപി എണ്ണം വർധിപ്പിക്കുന്നതിനുള്ള ഒരു ഉപാധി ഞായറാഴ്ചകളിലും പ്രവർത്തിക്കുക എന്നതായിരുന്നു.

5 ഞായറാഴ്ചകളിലെ ഒപി എണ്ണം ഇപ്പോൾ പ്രതിദിനം 800 ആണ്. ഇത് ഓരോ ഞായറാഴ്ചയിലും 280 എണ്ണം വർധിപ്പിക്കാനാകും. ഇതോടെ പ്രതിമാസ ഒപി എണ്ണത്തിൽ 800 രോഗികൾ വർധിക്കും. ആശുപത്രിയുടെ ഒപി-ഐപി കൺവേർഷൻ റേറ്റായ നാലു ശതമാനം എന്ന കണക്കിൽ 32 ഐപി പേഷ്യന്റുകളെ മാത്രമേ ഇതു വഴി അധികമായി ലഭിക്കൂ.

6 ഹോസ്പിറ്റലിന് വേറെ ഒപി മുറികൾ നിർമിക്കാനാവും. എന്നാൽ മറ്റൊരു വഴിയും ഇല്ലെങ്കിൽ മാത്രമേ മാനേജ്മെന്റ് അതിന് തയാറാവുകയുള്ളൂ.

7 ഐപിയിൽ വർധനയുണ്ടാക്കാനുള്ള ധാർമികതയിലൂന്നിയ മറ്റൊരു വഴി ആശുപത്രിയിൽ മെഡിക്കൽ ചെക്കപ്പുകളുടെ എണ്ണം കൂട്ടുക എന്നതാണ്. ഇപ്പോൾ ഹോസ്പിറ്റൽ മെഡിക്കൽ ചെക്കപ്പുകൾക്ക് അത്ര വലിയ പ്രാധാന്യം നൽകുന്നില്ല. മാസത്തിൽ 60 മെഡിക്കൽ ചെക്കപ്പുകൾ മാത്രമാണ് പ്രവൃത്തി ദിനങ്ങളിലായി നടക്കുന്നത്.

8 ജീവനക്കാരെയും രോഗികളെയും ഉൾപ്പെടുത്തി ഒരു മാസം നീണ്ടു നിൽക്കുന്ന സർവേ നടത്താൻ യോഗം തീരുമാനിച്ചു. എന്തുകൊണ്ടാണ് മെഡിക്കൽ ചെക്ക